	പത്തനംതിട്ട	183
	ആലപ്പുഴ	814
	കോട്ടയം	772
	ഇടുക്കി	252
	എറണാകുളം	1489
	തൃശ്ശൂർ	649
	പാലക്കാട്	329
	മലപ്പുറം	480
	വയനാട്	84
	കോഴിക്കോട്	488
	കണ്ണൂർ	624
	കാസർകോട്	35
(സി)		2164
(ഡി)	തിരുവനന്തപുരം	397
	കൊല്ലം	281
	ആലപ്പുഴ	167
	പത്തനംതിട്ട	109
	കോട്ടയം	159
	ഇടുക്കി	102
	എറണാകുളം	309
	തൃശ്ശൂർ	159
	പാലക്കാട്	75
	മലപ്പുറം	114
	വയനാട്	31
	കോഴിക്കോട്	116
	കണ്ണൂർ	112
	കാസർകോട്	33

കൈത്തറി തൊഴിലാളികൾ

796. [987] ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ : തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്തെ തകർച്ചമൂലം കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ (1986 ജൂലൈ 31 വരെ) എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൈത്തറി രംഗത്ത് ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുത്തുവരുന്നുണ്ടെന്നും അതിൽ സ്ത്രീ തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൈത്തറി വ്യവസായ സഹകരണരംഗത്ത് ആർക്കുംതന്നെ തൊഴിൽ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സ്വകാര്യ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഇപ്പോൾ മൊത്തം 2½ ലക്ഷം തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അവരിൽ ഏകദേശം 70,000 പേർ സ്ത്രീ തൊഴിലാളികളാണ്.

വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ

797. [988] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഓരോ അർദ്ധവർഷത്തിലും നൽകേണ്ട തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ ഗവൺമെന്റിന് സമർപ്പിക്കുന്നുണ്ടോ ?

ഉത്തരം

ഈ വകുപ്പിൽ ലഭിക്കുന്നില്ല.

പോപ്പുലർ ഓട്ടോ മൊബൈൽസിലെ സമരം

798. [989] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പുലർ ഓട്ടോ മൊബൈൽസിലെ തൊഴിലാളികൾ എന്നു മുതലാണ് സമരം തുടങ്ങിയത് ;

(ബി) ഈ സമരം ഒത്തുതീർപ്പിലെത്തിക്കാൻ ഗവൺമെന്റ് എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) സമരത്തിനാധാരമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു ?

ഉത്തരം

(എ) 1986 ജനുവരി മാസം മുതൽ

(ബി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ലേബർ ഓഫീസർമാർ വിവിധ കോൺഫറൻസുകൾ നടത്തിയെങ്കിലും പ്രശ്നം പരിഹരിക്കപ്പെടാത്തതുകൊണ്ട് 7-4-1986-ൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും 27-5-1986-ൽ എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും സമ്മേളനങ്ങൾ നടന്നു. ഒടുവിൽ 23-10-1986-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ തൊഴിൽ തർക്കം ഒത്തു തീർപ്പായി. ഒത്തുതീർപ്പിന്റെ ഫലമായി തൃശ്ശൂർ, എറണാകുളം ശാഖകളിലെ സമരം പിൻവലിക്കുകയും തിരുവനന്തപുരം ശാഖയിലെ ലോക്കൗട്ട് ലിഫ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 3-10-1986 മുതൽ എല്ലാ ശാഖകളിലും ജോലി പുനരാരംഭിക്കുന്നതാണ്.

(സി) പോപ്പുലർ ഓട്ടോ മൊബൈൽസിന്റെ തിരുവനന്തപുരം ശാഖയിലുള്ള 7 ജൂനിയർ സെയിൽസ്മാൻമാർ ലോറിയിൽ കൊണ്ടുവരുന്ന സാധനങ്ങൾ ഇറക്കി വയ്ക്കുന്ന ജോലി ചെയ്യണമെന്ന മാനേജിന്റെ നിർദ്ദേശം അനുസരിക്കാതിരുന്നതിനെ തുടർന്ന് 1-1-1986-ൽ സസ്പെന്റ് ചെയ്യപ്പെട്ടു. സസ്പെൻഷനെ തുടർന്ന് സ്ഥാപനത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചു. 4-1-1986-ൽ ടി ശാഖയിൽ ലോക്കൗട്ട് പ്രഖ്യാപിച്ചു. തൊഴിലാളികളുടെ സ്ഥലം മാറ്റം തൊഴിലാളികൾ ഉന്നയിച്ചിരുന്ന വിവിധ ആവശ്യങ്ങൾ തൊഴിലാളികളുടെ പേരിൽ മാനേജ്മെന്റ് ഉന്നയിച്ച മോഷണ കുറ്റം എന്നിവയാണ് എറണാകുളം ശാഖകളിൽ സമരമുണ്ടായതിനുള്ള പ്രധാന കാരണങ്ങൾ. 7 തൊഴിലാളികളെ മോഷണ കുറ്റം ചുമത്തി സസ്പെൻറു ചെയ്യപ്പെട്ടതോടെയാണ് തൃശ്ശൂർ ശാഖയിൽ സമരം ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly